പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നംപർ. 6309 — 31/10/2011 ൽ മറുപടിയ്ക്ക്

# അന്നദായിനി പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി :<br>ശ്രീ. എൻ.എ. നെല്ലിക്കുന്ന് : | ഡോ. എം.കെ. മുനീർ :<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |

| | |
|---|---|
| (എ) സാമൂഹ്യ സുരക്ഷാ മിഷന്റെ അന്നദായിനി പദ്ധതി ഏതെല്ലാം ആദിവാസി കോളനികളിലാണ് നടപ്പാക്കുന്നത്; | (എ) നിലമ്പൂർ ബ്ളോക്കിലെ മണ്ണല, അലയ്ക്കൽ, കുമ്പളപ്പാറ, വെറ്റിലകൊല്ലി എന്നീ ആദിവാസി കോളനികളിലാണ് അന്നദായിനി പദ്ധതി സുരക്ഷാ മിഷൻ വഴി നടപ്പിലാക്കിക്കൊണ്ടിരുന്നത് . 30/9/2010 വരെയാണ് സുരക്ഷാ മിഷൻ വഴി ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. |
| (ബി) എത്രപേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട് ; | (ബി) 272 പേർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമായിട്ടുണ്ട്. |
| (സി) ഭക്ഷണം തയ്യാറാക്കി കോളനികളിൽ എത്തിച്ച് വിതരണം നടത്താൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനത്തിന്റെ വിശദവിവരം നൽകാമോ; | (സി) പദ്ധതി ചെലവിനാവശ്യമായ തുക നിലമ്പൂർ ശിശു വികസന പദ്ധതി ആഫീസർ തയ്യാറാക്കി നൽകുന്ന പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ നൽകുകയും ഭക്ഷണം പാകം ചെയ്യുന്നതിനാവശ്യമായ സാധനങ്ങൾ സി.ഡി.പി.ഒ /ബന്ധപ്പെട്ട സൂപ്പർവൈസർ എന്നിവരുടെ ഉത്തരവാദിത്വത്തിൽ ടി സ്ഥലങ്ങളിൽ എത്തിക്കുകയും , മഹിളാ സമഖ്യ വോളന്റിയർമാർ/ ട്രൈബൽ വോളന്റിയർമാർ എന്നിവരുടെ സഹകരണത്തോടെ പാകം ചെയ്ത് നൽകുകയുമാണ് ചെയ്തു വന്നിരുന്നത്. ഈ പദ്ധതി നിർവ്വഹണത്തിന്റെ പൂർണ്ണ ചുമതലയും നിലമ്പൂരിലെ ശിശുവികസന |

| | |
|---|---|
| | പദ്ധതി ഓഫീസറെയാണ് ഏല്‍പ്പിച്ചിരിക്കുന്നത്. |
| (ഡി) ഭക്ഷണ വിതരണത്തിന് ഒരാള്‍ക്ക് പ്രതിമാസം എന്തു തുക ചെലവുവരുന്നു ; | (ഡി)ഒരാള്‍ക്ക് പ്രതിമാസം ശരാശരി 400 മുതല്‍ 500 രൂപ വരെ ചെലവ് വരുന്നു |
| (ഇ)അതത് കോളനികളില്‍ ഭക്ഷ്യവസ്തുക്കള്‍ എത്തിച്ചുകൊടുത്ത് അവര്‍ തന്നെ പാചകം ചെയ്ത് വിതരണം ചെയ്യുന്ന സംവിധാനം പരീക്ഷിച്ചിട്ടുണ്ടോ; ഈ പദ്ധതി വ്യാപിപ്പിക്കാന്‍ ഉദ്ദേശമുണ്ടോ? | (ഇ) ആദിവാസികളെ കൂടി സഹകരിപ്പിച്ചാണ് ഭക്ഷണം പാകം ചെയ്തിരുന്നത് . ആദിവാസി മേഖലകളില്‍ ഭക്ഷണം ലഭ്യമാകാത്ത സാഹചര്യം നിലനില്‍ക്കുന്നുണ്ടെന്ന് ശ്രദ്ധയില്‍പ്പെട്ടാല്‍ അവിടങ്ങളില്‍ പദ്ധതി സുരക്ഷാ മിഷന്‍ മുഖേന നടത്താവുന്നതാണ്. |

R. Vijayan

സെക്ഷന്‍ ഓഫീസര്‍